പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1669 — 16.3.2015-ൽ മറുപടിക്ക്

ശുചിത്വമിഷൻ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് വാഴയ്ക്കൻ<br>ശ്രീ. പാലോട് രവി<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. അൻവർ സാദത്ത് | ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| (എ) ശുചിത്വമിഷൻ പദ്ധതി നടപ്പാക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) ഉണ്ട്. ശുചിത്വ മിഷൻ വഴി മാലിന്യ മുക്ത കേരളം പദ്ധതി നടപ്പിലാക്കാൻ നടപടി കൈക്കൊണ്ടിട്ടുണ്ട്. സംസ്ഥാനത്ത് ഇടയ്ക്കിടെ ഉണ്ടാകുന്ന പകർച്ചവ്യാധികളുടെ വ്യാപനവും സാമൂഹ്യ ശുചിത്വം നിലനിർത്തുന്നതിനും അനിവാര്യമായി ഉണ്ടായിരിക്കേണ്ട ഖര-ദ്രവ മാലിന്യ പരിപാലനത്തിൽ മതിയായ സൗകര്യങ്ങൾ ഇല്ലായ്മയും കണക്കിലെടുത്ത് സംസ്ഥാനത്തെ ഒരു സമ്പൂർണ്ണ ശുചിത്വ പ്രദേശമാക്കി മാറ്റുക എന്ന ലക്ഷ്യത്തിനാണ് മാലിന്യമുക്ത കേരളം പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചത്. ഈ പദ്ധതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും മറ്റ് ബന്ധപ്പെട്ട എല്ലാ ഏജൻസികളുടെയും കൂട്ടായ പരിശ്രമത്താലാണ് നടപ്പിലാക്കി വരുന്നത്. മാലിന്യ മുക്ത കേരളം പരിപാടിയുടെ പ്രവർത്തനങ്ങൾ സമയബന്ധിതമായി നിർവ്വഹിക്കുന്നതിന് സമ്പൂർണ്ണ ആരോഗ്യ ശുചിത്വ മിഷനും ക്ലീൻ കേരള മിഷനും സംയോജിപ്പിച്ച് 2008 ജനുവരിയിൽ ശുചിത്വ മിഷന് രൂപം നൽകിയാണ് ഈ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നത്. സംസ്ഥാന ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ള ശുചിത്വ കേരളം പദ്ധതി, നഗര ഖരമാലിന്യ പദ്ധതി, സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ), ഇന്റഗ്രേറ്റഡ് ലോ കോസ്റ്റ് സാനിട്ടേഷൻ എന്നീ പ്രധാന പദ്ധതികൾ ശുചിത്വ മിഷൻ വഴി പഞ്ചായത്ത് വകുപ്പും കേരള സുസ്ഥിര നഗരവികസന പദ്ധതി, ജവഹർലാൽ നെഹ്റു ദേശീയ നഗര നവീകരണ ദൗത്യം, ഇടത്തരം ചെറുപട്ടണങ്ങളുടെ നഗരസൗകര്യ വികസന പദ്ധതി എന്നീ പദ്ധതികൾ നഗരകാര്യ വകുപ്പ് വഴിയും സംസ്ഥാനത്ത് നടപ്പാക്കി വരുന്നു. ഇവ മാലിന്യമുക്ത കേരളം എന്ന ലക്ഷ്യത്തിലേക്ക് എത്തുന്നതിനാണ് ലക്ഷ്യമിടുന്നത്. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) മാലിന്യമുക്ത കേരളം എന്ന ലക്ഷ്യത്തിലേക്ക് എത്തുന്നതിനായി താഴെപ്പറയുന്ന ഉദ്ദേശ ലക്ഷ്യങ്ങളാണ് ഉള്ളത്.<br>1. വീടുകൾ, സ്കൂൾ, ആശുപത്രി, അംഗനവാടി എന്നിവിടങ്ങളിൽ പൂർണ്ണമായും കക്കൂസുകൾ ലഭ്യമാക്കുക. |

2. ഗൃഹങ്ങൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ മാലിന്യസംസ്കരണ സംവിധാനം സൗകര്യപ്പെടുത്തുക.
3. ഉറവിടത്തിൽതന്നെയുള്ള തരംതിരിച്ചുള്ള സംഭരണവും, ജൈവ വസ്തുക്കളുടെ ഉറവിട സംസ്കരണവും സാധ്യമാക്കുക.
4. ചന്ത, ആശുപത്രി, സ്കൂൾ, തുടങ്ങിയ സ്ഥലങ്ങളിൽ വികേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനം സ്ഥാപിക്കുക.
5. മാലിന്യ സംസ്കരണത്തിനായി പൊതു മാലിന്യ സംസ്ക്കരണ സംവിധാനം സാദ്ധ്യമാക്കുക
6. നിഷ്ക്രിയ മാലിന്യ നിർമ്മാർജ്ജനത്തിന് സാനിട്ടറി ലാന്റ്ഫിൽ സംവിധാനം നടപ്പിലാക്കി തുടങ്ങുക.
7. ജനവാസകേന്ദ്രങ്ങൾ വൃത്തിയും വെടിപ്പുമുള്ളതുമാക്കുക.
8. എല്ലാപ്രധാന നഗരകേന്ദ്രങ്ങളിലും, തീർത്ഥാടന- വിനോദ സഞ്ചാരകേന്ദ്രങ്ങളിലും, വ്യാപാര കേന്ദ്ര ങ്ങളിലും, പൊതുസ്ഥാപനങ്ങളിലും മാലിന്യം വലിച്ചെറിയുന്ന ശീലത്തിൽ മാറ്റം വരുത്തി വൃത്തിയും വെടിപ്പുമുള്ളതാക്കുക.
9. ദ്രവമാലിന്യ പരിപാലനത്തിനായി ഒരു ദീർഘകാല കാഴ്ചപ്പാടോടുകൂടിയ രൂപരേഖ തയ്യാറാക്കുക.നിലവിലുള്ള സ്വിവറേജ് സംവിധാനം മൂന്നുമടങ്ങാക്കി വർദ്ധിപ്പിക്കുക.

| | | | |
|---|---|---|---|
| സി) | പദ്ധതി നടപ്പാക്കുന്നതിനുള്ള കേന്ദ്ര സഹായങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | സി) | കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) എന്ന പദ്ധതി ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ നടപ്പിലാക്കി വരുന്നു. വീടുകളിൽ ടോയ്ലറ്റ് നിർമ്മാണം, കമ്മ്യൂണിറ്റി സാനിട്ടറി കോംപ്ലക്സ് നിർമ്മാണം ഗാർഹിക തലത്തിലുള്ള ഖര-ദ്രവ മാലിന്യ പദ്ധതികൾ, ബോധവൽക്കരണ പ്രവർത്തനങ്ങൾ എന്നിവയ്ക്കാണ് കേന്ദ്ര സഹായം നൽകുന്നത്. |
| ഡി) | പദ്ധതി നടത്തിപ്പിനുള്ള തുക എങ്ങനെയാണ് കണ്ടെത്തുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | ഡി) | പദ്ധതി നടപ്പിലാക്കുന്നതിനുള്ള തുക സംസ്ഥാന പ്ലാൻ ഫണ്ടിൽ നിന്നും കേന്ദ്ര സർക്കാരിൽ നിന്നും കണ്ടെത്തുന്നു. ഇപ്രകാരം ലഭിക്കുന്ന തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രോജക്ടുകൾ നടപ്പിലാക്കാനായി ഉപയോഗിക്കുന്നു. ഖര-ദ്രവ മാലിന്യ പദ്ധതികൾ, സെപ്റ്റേജ് മാനേജ്മെന്റ്, അറവുശാലകളുടെ നിർമ്മാണം, കക്കൂസ് നിർമ്മാണം, ബോധവൽക്കരണ പ്രവർത്തനങ്ങൾ തുടങ്ങിയവയ്ക്കാണ് ശുചിത്വ മിഷൻ വഴി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തുക ലഭ്യമാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ